പൊതുമേഖലാ സ്ഥാപനങ്ങളിലെ സർക്കാർ വിഹിതം

160 (226) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ സർക്കാരിന്റെ മുതൽ മുടക്ക് എത്രയാണെന്നും മൊത്തം വായ്പ തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഇതുവരെ എന്ത് തുക ഡിവിഡന്റ്, പലിശ എന്നീ ഇനങ്ങളിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2006-07 വർഷം മുതൽ 2009-10 വർഷം വരെ സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളിലും മറ്റ് ജോയിന്റ് സ്റ്റോക്ക് കമ്പനികളിലും സർക്കാരിന്റെ മുതൽ മുടക്ക്, വായ്പ തുക ഇപ്രകാരമാണ്.

വർഷം	മുതൽ മുടക്ക് (രൂപ കോടിയിൽ)	വായ്പ (രൂപകോടിയിൽ)
2006-07	229.76	288.55
2007-08	61.07	840.49
2008-09	244.86	606.23
2009-10 (പ്രൊവിഷണൽ)	125.34	782.70
ആകെ	661.03	2917.97

(ബി) ഡിവിഡന്റ്, പലിശ എന്നീ ഇനങ്ങളിൽ ലഭിച്ച തുക ഇപ്രകാരമാണ്.

വർഷം	ഡിവിഡന്റ (രൂപ കോടിയിൽ)	പലിശ (രൂപ കോടിയിൽ)
2006-07	28.98	0.80
2007-08	26.86	7.11
2008-09	32.25	2.13
2009-10 (പ്രൊവിഷണൽ)	25.59	8.33
ആകെ	113.68	18.37

LIBRARY ARCHIVES Kerala Legislative Assembly